പണ്ഡിത് ദേവ്ജി വിദ്യാർത്ഥി

അദ്ധ്യാപനവും പൂജാരിപദവും സേവനവും

[illegible]

1934-35 കാലത്തു് പണ്ഡിത് ദേവ്ജി വിദ്യാർത്ഥിയും ശ്രീമതി ഭാരതി വിദ്യാർത്ഥിയും ഉപ്പുണ്ണിത്തായിൽ കോടംകുളങ്ങരയ്ക്കലുള്ള ഒരു വലിയ ഇരുനിലകെട്ടിടത്തിന്റെ താഴത്തെ നിലയിൽ താമസംതുടങ്ങി. ഈ കെട്ടിടത്തിന്റെ മുകളിലത്തെ നില ഉപയോഗിച്ചിരുന്നതു് ഉത്തരേന്ത്യയിലെ ഒരു ആര്യസമാജവിദ്യാലയത്തിൽ പഠിപ്പു് പൂർത്തിയാക്കി അയിടെ കേരളത്തിൽ സ്ഥിരതാമസമുറപ്പിച്ച ശ്രീകൃഷ്ണദേവ വിദ്യാവാചസ്പതിയായിരുന്നു. ഹിന്ദിഭാഷ പഠിക്കുന്നതും പഠിപ്പിക്കുന്നതും പവിത്രമായ ഒരു ദേശസേവനപരിപാടിയായാണു് അന്നു് കണക്കാക്കപ്പെട്ടിരുന്നതു്. ഹിന്ദിയുടെ പ്രഥമിക പാഠങ്ങൾ അതിനകം പഠിച്ചുകഴിഞ്ഞിരുന്ന ഞങ്ങൾ ചീഫ് ഉപദേശപാഠത്തിനായി ശ്രീകൃഷ്ണദേവ്ജിയെ സമീപിച്ചു. പിന്നീടു് മൂന്നാലുകൊല്ലത്തോളം ഏറെക്കുറെ ദിവസേന ചെല്ലുമ്പോൾ പണ്ഡിത് വിദ്യാർത്ഥിയെ കാണാനും അദ്ദേഹത്തിന്റെ ഇരുപാഠങ്ങൾ കേൾക്കാനും അവസരം നൽകി.

വെളുത്ത ഖദർ ഡബിൾധോത്തി കുർത്തഷേർവാണിയിൽ ധരിച്ചു് അതിനേക്കാൾ വെളുത്ത വലിയ ഖദർ ഉത്തരീയവും തോളിൽ മടക്കിയിട്ട വെളുത്ത അംഗവസ്ത്രവുമായി, അഴകും അന്തസ്സുമുള്ള മുഖത്തു് വെളുത്ത പുരികങ്ങളുടെ പ്രത്യക്ഷപ്പെടുന്ന പണ്ഡിത്ജി അക്കാലത്തെ ഒരത്ഭുതം വലിയ ഒരുത്തരേന്ത്യനായിരുന്നു. ഹിന്ദി ഭാഷപഠിക്കുന്നതിൽമാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നില്ല അന്നു് ഹിന്ദി പ്രേമികളുടെ കർത്തവ്യവും ആഭവശ്യവും. വ്യായാമശാലകൾ നടത്തിയും, യോഗാഭ്യാസം നടത്തിയും സംഘടിപ്പിച്ചും, "വന്ദേ"കളും ആചരിച്ചും, മീശയും താടിയും സൂക്ഷിച്ചും ഹിന്ദിയും അതോടൊപ്പം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സന്ദേശവും നാട്ടിലാകെ പ്രചരിപ്പിക്കേണ്ടതു് അക്കാലത്തു് ഹിന്ദി പഠിപ്പിൽ അന്തർവ്വഹിച്ചിരുന്നു. ഇവയിലെ പ്രവർത്തനങ്ങളിൽ പണ്ഡിത് വിദ്യാർത്ഥി നൽകിവന്ന ഉപദേശങ്ങളും പ്രോത്സാഹനങ്ങളും ഞങ്ങൾക്കു വിലമതിപ്പുള്ളതായി അവശേഷിച്ചു് ഇന്നുവരെയുള്ള.

ഇന്ത്യയുടെ നവോത്ഥാനത്തിന്റെയും രാഷ്ട്രീയമായ ഉണർവ്വിന്റെയും ഭാഷയായിരുന്നു അന്നു് ഹിന്ദി. ചിത്തരഞ്ജൻദാസ്, ബിപിൻ ചന്ദ്രപാൽ തുടങ്ങിയ ബംഗാളി സഹോദരുകാരുടെ രചനകളിലേക്കു എത്തിനോക്കാൻ അന്നു് സഹായിച്ചിരുന്നതു് ഹിന്ദിയാണു്. ക്രോപോട്ട്കിൻ, ടോൾസ്റ്റോയ് തുടങ്ങിയ റഷ്യൻ എഴുത്തുകാരുടെ ആശയങ്ങളുമായി പരിചയപ്പെടാനും ഹിന്ദി ഉപകരിച്ചിരുന്നു. ഹിന്ദിയിൽതന്നെയുണ്ടായിരുന്ന പ്രേംചന്ദിനെപ്പോലെയുള്ള മഹാന്മാരായ എഴുത്തുകാർ. ഇക്കൂട്ടത്തിൽ, അതുപോലെതന്നെ പ്രേരണാപ്രദങ്ങളായ യാത്രാവിവരണങ്ങളും എഴുതിയ കുറേ ഹിന്ദി സഹോദരുകരുണ്ടായിരുന്നു് സ്വാമി സത്യദേവപരിവ്രാജകൻ. അന്നേക്കു് അന്ധനായിക്കഴിഞ്ഞിരുന്ന ഈ ദേശഭക്തനുകൂടിയായ ഋഷിശ്രേഷ്ഠന്റെ കൃതികൾ കണ്ണാൻ ഞങ്ങൾക്കു് അവസരമുണ്ടായിരുന്നു. സത്യദേവ പരിവ്രാജകനെയാണു് ഗാന്ധിജി പരിഗണിച്ചിരുന്നതു് എന്ന വസ്തുത അദ്ദേഹത്തിൽ ഞങ്ങൾക്കു് മതിപ്പുവർദ്ധിക്കാനിടയാക്കി.

ചീഫ്കോളേജിലെ കോഫീഹൗസിലെ ചർച്ചയിൽ പിറന്ന പണ്ഡിത്ജിയുടെ ശരിയായ പേർ ദേവനാരായണനാണെന്നറിഞ്ഞതു്. സത്യദേവ പരിവ്രാജകന്റെ പ്രസംഗങ്ങളാണു് പണ്ഡിത്ജിയെ ദേശസേവനമാർഗ്ഗത്തിലേക്കു നയിച്ചതെങ്കിൽ, ആ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് 1917ൽ മഹാത്മാഗാന്ധിയെയും രാജേന്ദ്രപ്രസാദിനെയും കണ്ടതായിരുന്നു. ജാതിസൂചകമായ "പാണ്ഡേ" എന്ന ഉപനാമം വെടിഞ്ഞതു് അദ്ദേഹം "ദേവ്ജി വിദ്യാർത്ഥി" ആയി. വിദ്യാർത്ഥിജീവിതത്തിൽ പതിനേഴാമത്തെ വയസ്സിൽ "മഹാത്മജിയുടെ ആത്മകഥ" അദ്ദേഹം എഴുപ്പുതന്നതും ഓർമ്മിക്കുന്നു. 1918ൽ ഇരുപതാം വയസ്സിലായിരുന്നു അതു്.

ഈ പ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹത്തെ കേരളീയരുടെയിടയിലെ ഗവേഷണത്തിനും അദ്ദേഹം ഉപയുക്തനാക്കിയിരുന്നു. തമിഴ്കാരുടെയും അദ്ദേഹവുമായി പരിചയപ്പെടുന്നതു് ഞങ്ങൾക്കും ഇക്കാലത്തുതന്നെയാണു്. പിന്നീടു് പണ്ഡിത് വിദ്യാർത്ഥി ട്രാവൻകൂർ ഹിന്ദി പ്രചാരസഭയുടെ പ്രചാരകരുടെയും ജോലി നോക്കേണ്ടിയുമിരുന്നു.

1942ലെ സമരക്കാലത്തു് ഹിന്ദി പ്രചാരസഭയിലെ പല ഉദ്യോഗസ്ഥന്മാരും ഉദ്യോഗം രാജിവച്ചപ്പോൾ പണ്ഡിത്ജിയുടെ സ്ഥാനം ജോലി വിട്ടൊഴിഞ്ഞതു കാരണമിരുന്നതു് കസ്തൂർബാട്രസ്റ്റിന്റെ കീഴിൽ വിദ്യാർത്ഥി പ്രവർത്തനങ്ങളിലേർപ്പെട്ടു് അഞ്ചു വർഷത്തോളം ബീഹാറിൽ അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. അഖിലഭാരതീയ ഹിന്ദി പരീക്ഷാസമിതിയോ ബന്ധപ്പെട്ടു് ദൽഹിയിലും മറ്റുമായി കുറേക്കാലം പ്രവർത്തിച്ചശേഷം 1961ൽ "ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ്" എന്ന സംഘടനയുടെ നിർദ്ദേശമനുസരിച്ചു് പണ്ഡിത്ജി ട്രിനിഡാഡ് ഗുനായിൽ മൂന്നരകൊല്ലം നീണ്ട ഒരു പ്രസംഗപര്യടനം നടത്തി. 1964 മുതൽ ശരീരം സാധുവും നീണ്ടതും പൊതുക്കാര്യങ്ങളിൽനിന്നു വിരമിച്ചു് ഉപ്പുണ്ണിത്തറയിൽ അദ്ദേഹം പിന്നിട്ടവരികയാണു്.

സംസ്കൃതികേന്ദ്രമായ രംഗത്തു് കാൽനൂറ്റാണ്ടോളം കേരളത്തെ സേവിച്ച ഈ ഋഷിതുല്യന്റെ പിന്നെ, അതിന്റെ ഒരു വത്സരപൂർത്തിയെ പിന്നിയായി നമ്മൾ കേരളം കൃതജ്ഞത പ്രകടിപ്പിക്കുകയുണ്ടായി തോളോടുതോൾ മാതൃഭൂമി ശതാബ്ദിനിറവിലെത്തിൽ പണ്ഡിത്ജിയുടെ അഭാഗിനിയുടെ, കേരളത്തിലെ വിദ്യാഭ്യാസരംഗത്തിൽനിന്നു വിരമിച്ചശേഷം അവർ ഡൽഹിയിൽ കുറേക്കാലം അധ്യാപികയായി ഇന്നുണ്ടു്.

സാഹിത്യസേവനം

"ഗുരുജിയെ" എന്ന ഇലക്കനേകത്തിൽ പണ്ഡിത്ജി ഗുരുസങ്കല്പത്തെക്കുറിക്കുകയും "കരോളേ" കാലഘട്ടം", "ഇനിർ" എന്നു തുടങ്ങുന്ന ഗ്രന്ഥങ്ങളിലായി ധർമ്മശാസ്ത്രത്തെപ്പറ്റിയുള്ള ചിന്തകളും ശാസ്ത്രീയവും ദർശനവും ആധ്യാത്മവും എല്ലാം അടങ്ങിയ ഈ കവിതകളും അക്കാലത്തെ ഹിന്ദി സമ്മേളനങ്ങളിൽ "ഇലോകപ്രിയ"നും ശ്രോതാവായി ഉപയോഗിച്ചിട്ടുണ്ടു്. [illegible] ഹിന്ദിയിലെഴുതപ്പെട്ട പുസ്തകങ്ങൾ ഒർല്ല മാത്രമേ, ഇപ്പോഴും. ഈ സ്ഥിതിക്കു് 1936ൽ പ്രസിദ്ധപ്പെടുത്തിയ പണ്ഡിത്ജിയുടെ "ജീവൻ ബഹാർ" എന്ന സാമൂഹ്യനാടകം പ്രത്യേകം പ്രാധാന്യമുള്ളതത്രേ. കേരളത്തിലെ ചില ഹിന്ദിസമ്മേളനങ്ങളിൽ ഈ നാടകം അഭിനയിക്കപ്പെട്ടിട്ടുണ്ടു്. വേറെയും ചില ലഘുകൃതികൾ പണ്ഡിത്ജി എഴുതുകയുണ്ടായി.

"ഹരേ യഥ ജിത", "പാപ്പേ ഘോഷ്" എന്നീ രണ്ടു നോവലുകളും പണ്ഡിത് ദേവ്ജി വിദ്യാർത്ഥിയും ഭാരതി വിദ്യാർത്ഥിയും പ്രത്യേകം പ്രത്യേകം എഴുതിയിട്ടുണ്ടു്. രണ്ടിലും വിഷയം കേരളീയരുടെയിടയിലെ ജീവിതംതന്നെ. ഇവയുടെ പുറകെ ഇന്ത്യൻ ദേശീയതയെപ്പറ്റിയുള്ള ഒരു പുസ്തകവും ചില ഹിന്ദി പാഠപുസ്തകങ്ങളും പണ്ഡിത്ജിയുടെ വകയായുണ്ടു്. ഇപ്പോഴും സാഹിത്യപ്രവർത്തനത്തിനാണു് അദ്ദേഹം തന്റെ സമയം അധികവും ചെലവഴിക്കുന്നതു്.

മലയാളമായ ഹിന്ദിയിൽ ഭംഗിയായി സംസാരിക്കുന്ന ഒരു പ്രസംഗികനുമാണു് നിലയിൽ കേരളത്തിലെങ്ങും പണ്ഡിത് വിദ്യാർത്ഥി അറിയപ്പെടുന്നതു് പരിചിതനായിരുന്നു. നാടകാഭിനയത്തിൽ അദ്ദേഹത്തിനു് പ്രത്യേകമായ വൈദഗ്ധ്യവും താൽപ്പര്യവുമുണ്ടായിരുന്നു. ഹിന്ദി വിദ്യാർത്ഥികളെ പലവിധത്തിലും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം ഇന്നുമുണ്ടു്. [illegible] കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ ഹിന്ദി ഏറെക്കുറെ പ്രചരിക്കുന്നുണ്ടെങ്കിൽ അതിനു് പണ്ഡിത് ദേവ്ജി വിദ്യാർത്ഥിയുടെ സമർപ്പണബുദ്ധിയോടെയുള്ള പ്രവർത്തനവും സംഘടനാസാമർത്ഥ്യവും ഒട്ടൊന്നുമല്ല.

അദ്ദേഹം ദീർഘായുഷ്മാനായിരിക്കട്ടെ!

—